**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2336** **09-02-2023 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിന്റെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേസുകളുടെ എണ്ണത്തിന് ആനുപാതികമായി വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | കേസുകളുടെ എണ്ണത്തിന് ആനുപാതികമായി വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾറൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ചെക്ക് പോസ്റ്റുകൾ, സംസ്ഥാന അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, മേജർ കേസുകൾ അന്വേഷിക്കുന്നതിനായി ക്രൈം ബ്രാഞ്ച് യൂണിറ്റുകൾ, ഷാഡോ എക്സൈസ് യൂണിറ്റുകൾ, സംസ്ഥാനം മുഴുവൻ അധികാര പരിധിയുള്ള മൂന്ന് മേഖലാ സ്ക്വാഡുകൾ, ഒരു സ്റ്റേറ്റ് സ്ക്വാഡ് എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ NCB, മറ്റ് കേന്ദ്ര ഏജൻസികൾ എന്നിവയുമായി ചേർന്നും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br><br>വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെയും ഭാഗമായി, ആശയവിനിമയങ്ങൾ വേഗത്തിലാക്കുന്നതിനായി ആലപ്പുഴ, കൊല്ലം ജില്ലകളിൽ ഡിജിറ്റൽ വയർലെസ്സ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. കാലപ്പഴക്കമേറിയ 33 വാഹനങ്ങൾക്ക് പകരമായി 33 മഹിന്ദ്ര ബൊലേറോ നിയോ വാഹനങ്ങളും എക്സൈസ് വകുപ്പിനെ ആയുധവൽക്കരിക്കുന്നതിലേക്കായി 60 എണ്ണം 9 mm Auto പിസ്റ്റലുകളും വാങ്ങിയിട്ടുണ്ട്. ശാസ്ത്രീയമായി പ്രതികളെ ചോദ്യം ചെയ്യുന്നതിനായി മൂന്ന് സോണുകളിലായി ഓരോ ആധുനിക ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ സുതാര്യമാക്കുന്നതിനായി 8 പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ കൂടി സി.സി.ടി.വി. സ്ഥാപിച്ചു. |

| | | | |
|---|---|---|---|
| | | | ബി.എസ്.എൻ.എൽ-മായി ചേർന്ന് കേന്ദ്രീകൃത മോണിറ്ററിങ് സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം കണ്ടെത്താനുതകുന്ന 450 ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.<br><br>എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് ജോലികൾ ചെയ്യുന്നതിനായി 14 ഡിവിഷനുകളിലായി 138 എക്സൈസ് റേഞ്ച് ഓഫീസുകൾ, 69 എക്സൈസ് സർക്കിൾ ഓഫീസുകൾ, 14 എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ, 4 ജനമൈത്രി സ്ക്വാഡുകൾ, ഒരു നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിങ്ങനെ ആകെ 226 ഫീൽഡ് ഓഫീസുകൾ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ